
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**

**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

**✆ 0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com**

**കർത്താവിൽ പ്രിയരേ,**



നിങ്ങൾ എല്ലാവർക്കും 2016–ന്റെ നവവത്സരാശംസകൾ. ഈ പുതുവർഷത്തിൽ നിങ്ങൾക്ക് സന്തോഷം, സമാധാനം, ആരോഗ്യം എന്നിവയെല്ലാം ദൈവം സമൃദ്ധിയായി നൽകി അനുഗ്രഹിക്കുമാറാകട്ടെ. കഴിഞ്ഞ വർഷം ഉണ്ടായതായ പരാജയം, ദാരിദ്ര്യം, കടബാദ്ധ്യതകൾ എല്ലാം ദൈവം മാറ്റിത്തന്ന് നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. പുതിയ വർഷത്തിൽ നിങ്ങൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ യെരിഹോ മതിൽപോലെ വലുതായിരിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നുണ്ടാകും. യെരിഹോമതിലിനെ തകർക്കുവാൻ നമ്മുടെ ദൈവത്തിന് കഴിയും.

എന്നാൽ ദൈവത്തിന് ഒരു പ്രത്യേകതയുണ്ട്. വ്യവസ്ഥയില്ലാതെ അനുഗ്രഹം ദൈവം നൽകുന്നില്ല. യെരിഹോ മതിൽ തകർത്ത് യെരിഹോ പട്ടണത്തെ എങ്ങനെ അവകാശമാക്കാം എന്ന് യിസ്രായേൽ ജനങ്ങൾ വിഷമിച്ചിരുന്നു. വേദപുസ്തകത്തിൽ ഈ ഭാഗം വായിക്കുമ്പോൾ ഏഴുപ്രാവശ്യം ചുറ്റി വന്നതും ഏഴാമത്തെ തവണ ആർപ്പിട്ടപ്പോൾ യെരിഹോമതിൽ വീണു എന്നും കാണുന്നു. പക്ഷേ ഇതിന്റെ യാഥാർത്ഥ്യം യോശുവ ജനങ്ങളോട്, തലേന്നാൾ പറയുന്നത്: ഇന്ന് നിങ്ങൾ നിങ്ങളെ തന്നെ ശുദ്ധീകരിച്ചുകൊള്ളുക. നാളെ യെരിഹോ നിങ്ങളുടേതാകും. **"നിങ്ങളെത്തന്നേ ശുദ്ധീകരിപ്പിൻ; യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും. യോശുവ 3:15.**

അതുപോലെ ഈ പുതിയ വർഷത്തിൽ നിങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ നടക്കണമെങ്കിൽ, പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കണം എങ്കിൽ, ദൈവവചനം അനുസരിക്കുക. ഉത്തരം തക്കസമയത്തു നിങ്ങൾക്ക് ലഭിക്കും. (യോഹന്നാൻ 15:7, സങ്കീർത്തനം 107:20, സദൃശ്യ 28:13).

# JANUARY 2016

* കഴിഞ്ഞ വർഷം നിങ്ങൾ നൽകിയ സാമ്പത്തിക സഹായങ്ങൾക്ക് നന്ദി അറിയിക്കുന്നു. ഇപ്രാവശ്യം ഓൺലൈൻ വഴിയായി എന്റെ ബാങ്ക് അക്കൗണ്ടിൽ ധാരാളം പേർ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്. മണിയോഡർ വഴിയായിട്ടും ചെയ്തിട്ടുണ്ട്. ഇങ്ങനെ എന്നെ സഹായിച്ച എല്ലാവരെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ. (എബ്രായർ 6:10). “ദൈവം നിങ്ങളുടെ പ്രവർത്തിയും വിശുദ്ധന്മാരെ ശുശ്രൂഷിച്ചതിനാലും, ശുശ്രൂഷിക്കുന്നതിനാലും തന്റെ നാമത്തോടു കാണിച്ച സ്നേഹവും മറന്നുകളവാൻ തക്കവണ്ണം അനിതീയുള്ളവനല്ല.”

കർത്താവിന്റെ ഉന്നത ശുശ്രൂഷയിൽ
**ഡോ. പുഷ്പരാജ്**

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ–മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ–മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ–മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ–മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ–മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# C S I ൽ കൊലപാതകശ്രമം

## C S I ൽ താഴെക്കാണുന്ന മുമ്മൂർത്തികളുടെ ജീവൻ മരണ പോരാട്ടം.







Rt.Rev.Devakatacham Kanyakumari Diocese

Most Rev.Dyvasirvadam, Moderator

Dupty Moderator. Rt.Rev.Thomas K.Oommen

ബിഷപ്പുമാരുടെ റിട്ടയർമെന്റ് വയസ്സ് 65–ൽ 67–ലേക്ക് മാറ്റാനുള്ള ശ്രമങ്ങൾ നടക്കുന്ന വിവരം വായനക്കാർ അറിഞ്ഞിരിക്കുമല്ലോ. അതിനുള്ള നിയമഭേദഗതിയുടെ അംഗീകാരത്തിനായി 23 ഡയോസിസുകളിലും ഇലക്ഷൻ നടന്നു കഴിഞ്ഞു. ബിഷപ്പുമാർ നിയമവിരുദ്ധമായി കൂടിയ കമ്മിറ്റി മീറ്റിങ്ങുകളിലൂടെ നിയമഭേദഗതി അംഗീകരിച്ചതായി അറിയിച്ചിരിക്കുന്നു. ഇതിൽ സവിശേഷതയുള്ള കാര്യം എല്ലാ കമ്മിറ്റി മീറ്റിങ്ങുകളും ബലപ്രയോഗം, കലാപം നിറഞ്ഞ അന്തരീക്ഷം, അടിപിടി തുടങ്ങി രാഷ്ട്രീയ ഇലക്ഷനുകളെ വെല്ലുന്ന മട്ടിലാണ് നിയമഭേദഗതി മീറ്റിങ്ങുകൾ നടന്നത്. ഈ വിവരങ്ങൾ ദിനപ്പത്രങ്ങളിൽ വായിച്ച് മനസ്സിലാക്കിയിരിക്കുമല്ലോ.

C S I നശിച്ചുപോകരുത്. C S I യുടെ സ്വത്തുക്കളും ജനങ്ങളുടെ കാണിക്കകളും വെട്ടിപ്പ് നടത്തി ബിഷപ്പുമാരുടെ ഗുണ്ടകളുടെ കയ്യിൽ എത്തിച്ചേരരുത് എന്ന് ഭാരമുള്ള പല ഡയോസിസുകളിലെയും synod members ബിഷപ്പുമാരുടെ നീരാളിപ്പിടിത്തത്തിൽ നിന്ന് സി.എസ്.യെ രക്ഷിക്കാൻ സുപ്രീംകോടതയിൽ കേസ് കൊടുത്തു. ജയിച്ചു. Amendments ൽ നിർത്തി വച്ചു.

പക്ഷേ C S I Moderator അവർകൾ പലകോടികൾ ചെലവഴിച്ച് രാഷ്ട്രീയ നേതാക്കളുടെ സഹായത്തോടെ വീണ്ടും സുപ്രീംകോടതിയിൽ ചെന്ന് കേസ് മുടക്കി. ഈ കേസ് ആന്ധ്രാപ്രദേശ് ഹൈക്കോടതിയിൽ നടക്കട്ടെ എന്ന് ബഹു. സുപ്രീംകോടതിയിൽ ആലോചന പറഞ്ഞിരിക്കുന്നു. ആന്ധ്രാപ്രദേശ് ഹൈക്കോടതിയിൽ ഈ കേസ് വരുമ്പോൾ മോഡറേറ്റർ അവർകൾ തന്റെ പണത്തിന്റെ രാഷ്ട്രീയ നേതാക്കളുടെ സ്വാധീനത്താലും ഈ വിധിയെ മാറ്റാൻ ശ്രമിക്കും. അത് ഈ ജനുവരി മാസം തന്നെ നടക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഇങ്ങനെയൊരു ദുർവിധി സി.എസ്.ഐയ്ക്ക് വരരുത് എന്ന് ചിന്തിച്ച് നാഗർകോവിൽ, തൂത്തുക്കുടി എന്നീ സ്ഥലങ്ങളിൽ നിന്ന് സി.എസ്.ഐ സിനഡ് മെമ്പറിൽ ഡൽഹിയിൽ ചെന്ന് സുപ്രീംകോടതിയിൽ കേസ്സിടാൻ ശ്രമിച്ചിരുന്നു. അങ്ങനെ ശ്രമിക്കുന്നതിനുവേണ്ടി

**നാഗർകോവിലിൽ** നിന്ന് പുറപ്പെട്ട സിനഡ് മെമ്പർ ശ്രീ.Mr.Bijo കന്യാകുമാരി ബിഷപ്പിന്റെ ഗുണ്ടകൾ ചേർന്ന് ഇരുമ്പുകമ്പികൾ കൊണ്ട് ആക്രമിച്ച് മാരകമായി മുറിവേല്പിച്ചിരിക്കുന്നു. പരിക്കു ഗുരുതരമായതിനാൽ തുടർ ചികിത്സകൾക്കായി ചെന്നൈ അപ്പോളോ ആശുപത്രിയിലേക്ക് ശ്രീ.സുനീതിനെ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നു.

ഈ വിവരങ്ങളെ 2016 ജനുവരി മാസം 7–ാം തീയതി ഞാൻ എഴുതുന്നു. എന്തായാലും ആന്ധ്രാപ്രദേശ് ഹൈക്കോടതിയുടെ വിധി ബിഷപ്പുമാർക്ക് അനുകൂലമായിരിക്കും എന്ന് വിശ്വസിക്കുന്നു. ഇപ്പോൾ തൂത്തുക്കുടിയിൽ നിന്നും സിനഡ് മെമ്പർ ആയിരിക്കുന്ന ഒരു മാന്യദ്ദേഹം സുപ്രീംകോടതിയിലേക്ക് പുറപ്പെടുന്നു. വരുന്ന സിനഡ് കമ്മിറ്റിയിൽ ഈ നിയമം നടപ്പിലാക്കാത്തവിധം സി.എസ്.ഐയോട് സ്നേഹമുള്ള സിനഡ് അംഗങ്ങൾ ഈ മാന്യദ്ദേഹത്തോടൊപ്പം ചേർന്ന് ബിഷപ്പുമാർക്ക് ഭയപ്പെടാതെ പ്രതികരിക്കണം, ശബ്ദിക്കണം. ഇപ്പോൾ നടക്കുന്ന ഈ വിഷയങ്ങളുടെ പേരിൽ സി.എസ്.ഐയിലെ അംഗങ്ങൾ, അച്ചന്മാർ, ഡയോസിസ് അംഗങ്ങൾ, സിനഡ് അംഗങ്ങൾ മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർ വളരെ പ്രാർത്ഥിക്കേണമേ.

ഇപ്പോൾ ഓരോ നാളും "തിരുമേനി"മാരുടെ തട്ടിപ്പ്, വെട്ടിപ്പ്, ക്രമക്കേടുകൾ, അഴിമതികൾ, ഗുണ്ടായിസം തുടങ്ങിയ "തിരുപ്രവർത്തനങ്ങൾ" അധികമധികമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സഹായത്തിനായി അച്ചന്മാരെ കൊണ്ടുപോകേണ്ട ബിഷപ്പുമാർ സാധാരണ ഡ്രസ്സിലുള്ള ഗുണ്ടകളെ കൊണ്ടുനടക്കുന്നു. ഈ മോശമായി സ്ഥിതി മാറണം. ബിഷപ്പുമാരുടെ പദവി മോഹം മാറി ദൈവഭയം ഉള്ളവരാകാൻ നമുക്ക് പ്രാർത്ഥിക്കാം.

സുനാമിയുടെ ദുരിതാശ്വാസഫണ്ടിലേക്കായി അമേരിക്കയിൽ നിന്നും പണം അയച്ചിരുന്നു. ഈ പണത്തിന്റെ കണക്കുകൾ സിനഡിന്റെ സെക്രട്ടറി, ബിഷപ്പുമാർ വെളിപ്പെടുത്തിയില്ല. എന്നാൽ തങ്ങൾ അയച്ചതായ പണം എങ്ങനെ വിനിയോഗിച്ചു എന്നതിനെക്കുറിച്ചറിയുന്നതിനുവേണ്ടി അമേരിക്കയിലുള്ള സ്ഥാപനം ഇന്ത്യൻ പ്രധാനമന്ത്രിക്ക് പരാതി അയച്ചതായി വാർത്തകൾ വന്നതായി കാണുന്നു. ഇപ്പോൾ ഇന്ത്യ ഭരിച്ചുകൊണ്ടിരിക്കുന്ന ബി.ജെ.പി സർക്കാർ തീർച്ചയായും ക്രിസ്ത്യാനികളുടെ ഈ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിക്കും.

**ദൈവനാമം ദുഷിക്കപ്പെടാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.**

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# CSI PASTORS PAINFUL EXPERIENCES (KERALA)

## (A Letter from CSI Pastor Central Kerala Diocese)



Respected Brother ,

Wish you a blessed Christmas and a peaceful new year

I am completing my 30 yrs of service in Pastoral ministry 2016 Feb 10 65 yrs. I was ordained as a Deacon on May 1st 1987 by the Rt. Rev. Dr. M.C. MANI . Thanking my God thy wonderful blessings and guidance. 2015 November Jamakaran magazine mentioned about Diocesan council members . I would like to reply to that response .Central Kerala Diocesan council was held on Nov 20 - 21. An **Amendment** was passed for the 67 yrs of service for Pastoral ministry.To pass this they had to do it in an undemocratical way. **Big arguments** took place in the midst of it .I feel so sad in writing this matter and and the sad event that took place.

Church of South India has 24 dioceses, well educated and holding up moral values and also being so Right and Just even Order holding on to all these and being so proud of it . Well to tell you the truth Central Kerala Diocese is going down nothing is happening only corruption and partiality going on in the Diocese . I feel so ashamed in writing this . So many times I have seen that when the matter Central Kerala Diocese it comes in a praising manner but nothing to praise about this Diocese . **Deputy Moderato**r Rt. Rev. **Thomas K Oommen** is showing partiality among priests and threatening the priests and also showing a revengeful attitude towards the priests of Central Kerala Diocese if the priests massage his **feet and hands** he will love them and those who are not interested in such things **back out** and he gets angry and takes revenge on them. Is this the proper attitude of a Bishop that too a Deputy Modeartor.

1. **Homosexuality - ordination - Conjual** rights a very deep concern of the Synod put a commission study and submit report on next Synod Council meet. For this our Bishop and Deputy Moderator one among them to give consent ( I need Dr. PushpaRaj's response to this in Jamakkaran.

2. College admissional process regarding **capitation on high** rate from faculties.

3. **Coimbatore Engineering college** fund Hawala money of **5 crores received** or signed by Deputy Moderator. which was in **Coimbatore High Court** .It was a news on 2015 May 13th " The Hindu at Coimbatore edition and was on online news".

Bp.Deputy Moderator is now a **Dictator Kingship** man like a **Pharaoh** as Dr. wrote in the edition.

He is taking **action against** Pastors and workers who are **not praising** him for his work and actions as I mentioned before. Including me in the Pastoral Board. I was a man of Contemporary with the mentioned Bishop.

Bro. PushpaRaj's notice in the previous edition about **Women Ordination** just wait and see the mentioned Bishop Deputy becomes **Moderator next week in Central Kerala Diocese** there will be **women ordination** .

So I would like to highlight all these things before you for your information. The mentioned Bishop is a very **Cruel Bishop** and very **Cunning** in doing things like the **Indian Prime Minister Mr. Narendra Modi** the mentioned Bishop's retirement is in 2019.

I am thanking God for Dr. PushpaRaj's Godly ministry. I am praying for and and best wishes

With love and greetings

In Christ's Service
vvvvvvvvvvv

**Jamakkaran(Kavalkaran):-** The same painful experiences happend to many CSI Pastors, not only in Central Kerala Diocese, Also happend in other CSI Diocese.

Last two years I have received many letters & E-mails from CSI Pastors regarding this kind of illtreatment from their Bishop's. Thay have offended very badly.

## FOR BISHOPS:

Anyone wanting to be a **leader(Bishop)** among **you must be** your **servant** and if you want to be right at the **Top(Modarator).** You must serve like a **slave**. your attitude must be like my own for I the son of mankind, didnot come to be **served.** But to **serve.** Matthew 20:26 to 28.

## TO PLEASE GOD:

**You can see that i am not trying to please you by sweet talk and flattery: no, I am trying to please God, if i were still trying to please men i could not be Christ's servent.** Galathe 1:10.

## A FINAL WARNING

## SAVE CSI TA

**WHY CSITA BENEFICIARIES ASSOCIATION IS INITIATING ELECTION TO CSI TA ALONG WITH SYNOD MEMBERS?**

CSI TA IS A LICENSED COMPANY WITH CONDITIONS THAT NO PERSONS SHALL BE APPOINTED TO SALARIED OFFICES OF CSI TA.

ACCORDING TO RULE 4 AND 5 OF THE MEMORANDUM OF ASSOCIATION OF CSI TA, IF NO ELECTION TO CSI TA IS CONDUCTED ON DUE DATE EXCULDING SALARIED PERSONS, THERE IS EVERY POSSIBILITY THAT THE **LICENSE WILL BE REVOKED AND THE GOVERNMENT MAY TAKE OVER THE COMPANY**, CSI TA. THE PRESENT MANAGEMENT SHALL GO IMMEDIATELY. FRESH ELECTION SHALL BE CONDUCTED TO AVOID TAKING OVER BY THE GOVERNMENT.

CSI TA BENEFICIARIES ASSOCIATION CHENNAI.

# പുഞ്ചിരിക്കുന്ന നവവത്സരം

**ഡോ. ലിലിയൻ സാൻലി,MBBS.,DCH.,**

“ഹാപി ന്യൂ ഇയർ” വലിയ അചാരാധിഷ്ടിതമലാത്ത യഥാർത്ഥ അഭിവാദനം. പുതു സംവത്സരത്തിന്റെ അനന്ദാശംസകൾ നേർന്നുകൊണ്ട് നാം പുതുവർഷം തുടങ്ങുകയാണ്. എന്നാൽ പലപോഴും അടുത്തദിനം തന്നെ വലായ്മയുടെ ദിവസമായി തീരുന്നു. ഓരോ മാസവും അനന്ദത്തിന്റെ. സന്തോഷത്തിന്റെ മാസമായി രൂപാന്തരപെടുത്തിക്കൊണ്ട് ഈ വർഷത്തെ യഥാർത്ഥ അഹ്ളാദത്തിന്റെ വർഷമാക്കാം!

സ്വർഗത്തെകുറിച്ചു വർണിചിരിക്കുന്നത് ഇങ്ങനെയാണ് നാം വായിക്കുന്നത്: “വീഥിയുടെ നടുവിൽ നദിക്ക് ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ട്. പന്ത്രണ്ട് വിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്ന സന്തോഷം ദൈവമക്കൾക്ക് ഭൂമി സ്വർഗത്തിന്റെ മുൻരുചിയുടെ അവസ്ഥയാണ് . സ്വർഗത്തിന്റെ ഒരളവുവരെ ഭൂമിയിൽ അനുഭവിക്കാവുന്നതാണ്. പരിശുദ്ധാത്മാ സഹായത്താൽ ഓരോ മാസവും സൽഗുണങ്ങൾ പ്രായോഗികമാക്കി മുന്നേറുവാൻ കഴിയും. നിങ്ങൾക്ക് നിങ്ങളെ തന്നെയും മറ്റുള്ളവരേയും സന്തോഷിപിക്കാൻ കഴിയും.

ഈ വർഷം സന്തോഷപൂർണമായ ഒന്നാക്കിത്തീർക്കണമെങ്കിൽ ചിരിക്കുവാൻ. മന്ദഹസിക്കുവാൻ പഠിക്കണം. നാം ദുഃഖപൂർണമായ ലോകത്തിൽ ജീവിക്കുന്നു. നമ്മുടെ നിഷ്കളങ്കമായ ചിരി. കുടുംബത്തെ ചിരിപിക്കും. കുടുംബം സഭയേയും. സഭ ലോകത്തെയും ചിരിപിക്കുവാൻ സഹായിക്കും.

പ്രഭാതസമയത്ത് ഒന്നാമത്തെ കാര്യമായി. ഒരു ചിരി മാതാപിതാക്കളോടും. ഭാര്യയോടും. ഭർത്താവിനോടും കൈമാറുക. അതിന്റെ അഗാധമായ സ്വാധീനം നിങ്ങളിലും മറ്റുള്ളവരിലും പകരുവാൻ കഴിയും. നിഷ്കളങ്കമായ പുഞ്ചിരിയോട് സുപ്രഭാതം ആശംസിക്കാതെ വാടിയ മുഖത്തോടുകൂടെ ഒരു കപ് കോഫി അവശ്യപെടരുത്. സ്നേഹോഷ്മളമായ ചുംബനം ഉറക്കം ഉണരുന്ന കുടികൾക്ക് നൽകുക. ഒരു പക്ഷേ പിറുപിറുത്തു കൊണ്ടാകും ഉറങ്ങാൻ കിടന്നത്. എന്നാൽ ഇന്നലെയുള്ള അവശിഷ്ടങ്ങൾ തുത്തുകളയുക. സാത്താന്. അവന്റെ അവശ്യാനുസരണം നമ്മെ ലഭിക്കാതിരിക്കടെ. അദ്യ ചില നാളുകൾ ഇത് പരിഭ്രാന്തി സൃഷ്ടിക്കാം. ക്രമേണ അ അവസ്ഥയെ മറികടക്കുവാനും സന്തോഷത്തിലെയ്ക്ക് മന്ദം മന്ദം മുന്നേറുവാനും സാധിക്കും. നിങ്ങൾക്ക് ഉടനെ ജീവിതം ഉയർന്ന പടവുകളിലേയ്ക്ക് കയറുകയാണെന്ന് മനസിലാക്കാൻ കഴിയും. ഇങ്ങനെയുള്ള തീരുമാനങ്ങളാൽ ഞങ്ങൾക്ക് ദാമ്പത്യ ജീവിതത്തിൽ അധികം മുന്നേറുവാൻ കഴിഞ്ഞു. ഈ പ്രക്രിയ സ്നേഹത്തിന്റെ ഒരു ബാഹ്യമായ പ്രകടനമായി തീർന്നു. നിങ്ങ

ളടെ ക്രിസ്തീയത്വം ഭവനത്തിൽ പ്രാവർത്തികമായിലെങ്കിൽ അത് ഒരിക്കലും പ്രവർത്തന ക്ഷമ മാകയില.

മന്ദഹാസവും ചിരിയും സാംക്രമികമാണ്. നമ്മിൽ ചിലർ ജന്മനാ തന്നെ ഒന്നിച്ചു കഴിയുന്നവരും തമാശകൾ ഇഷ്ടപെടുന്നവരുമാകുമ്പോൾ മറ്റു ചിലർ ഉദാസീനരും മാനരുമാണ്.

ചിരി ശത്രു ഭാഗത്തെ ചങ്ങാത്തമായി രൂപാന്തരപെടുത്തും. കാരണം പുഞ്ചിരി ഹൃദയത്തിൻെ ഭാഷയാണ്. വില്യം ഷേക്സ്പിയർ പറഞ്ഞു: സ്നേഹിക്കാത്തവർ അവരുടെ സ്നേഹം പ്രകടനമാക്കുന്നില. സഭാപ്രസംഗി പറയുന്നു: "ഞാൻ ചിരിയെ കുറിച് അത് ഭ്രാന്ത് എന്നും സന്തോഷത്തെ കുറിച്ചു അതുകൊണ്ട് എന്തുഫലം എന്നും പറഞ്ഞു (സഭാ. 2:2). എന്നാൽ തൻെ അനുഭവത്തിൽ അവസാനം പറയുകയാണ്." ആകയാൽ ഞാൻ സന്തോഷത്തെ പ്രശംസിച്ചു. സന്തോഷിക്കുന്നതലാതെ മനുഷ്യന് സൂര്യന് കീഴേ മറൊരു നന്മയുമില (സഭാ. 8:15)

നിങ്ങൾ തന്നെ ഈ അവസ്ഥയിലേക്ക് അകാതെ നിങ്ങൾക്ക് ചിരിക്കുവാൻ കഴിയുകയില. അത് മറ്റുളളവരുടെ അവസ്ഥയ്ക്ക് മാറ്റം വരുത്തും. സൗഖ്യം വരുത്തും. ഓർമ്മകളെ സൗഖ്യമാക്കുകയും ചെയ്യും. മന്ദഹാസം അയൽക്കാർ തമ്മിലുളള മരവിപ് മാറ്റും. അപരിചിതരിൽ. വിരോധികളിൽ പോലും ഇത് മനോഹരമായ ഒരു ബാഹ്യപ്രകടനമാണ്. ഒരു വ്യക്തിക്ക് കൊടുക്കുവാൻ കഴിയുന്ന. ചിലവു കുറഞ്ഞതും എളുപവുമായ സമ്മാനമാണ് ഇത്. എന്തുകൊണ്ട് ഇത് നിങ്ങൾക്കും ധരിച്ചുകൂടാ.

നിങ്ങൾക്ക് സഹപാഠികൾ ഉണ്ടായിരിക്കാം. എന്നും ബന്ധപെടുന്ന സഹപ്രവർത്തകർ ഉണ്ടായിരിക്കാം. അയൽക്കാർ നിങ്ങളുടെ വീടിൻെ മുമ്പിൽ കൂടി എപോഴും അയൽക്കാർ കടന്നു പോകും. നിങ്ങൾ ഒന്നു ചിരിചിലെങ്കിൽ നിങ്ങളുടെ സൗഹൃദം. ഒരു ഹൃദയതുടിപ് അകലെ നഷ്ടമാകാം. നിങ്ങളുടെ തുറന്ന ചിരി നിങ്ങളെ കൂടുതൽ മറ്റുളളവർ ഇഷ്ടപെടുന്ന വ്യക്തിയാക്കി മാറ്റുന്നതായി കാണുവാൻ കഴിയും. ജീവിതബന്ധങ്ങളുടെ രസതന്ത്രഘടനയെ തന്നെ ചിരി മാറിമറിക്കും.

പുഞ്ചിരിയോടുകൂടെ വിശേഷം ഘോഷിക്കുന്നവർ ജനങ്ങളെ കൂടുതൽ അകർഷിക്കുന്നു. വശീകരിക്കുന്നു. ഹൃദയകവാടം പുഞ്ചിരി മുഖത്തോടു തുറക്കപെടുന്നു. പുഞ്ചിരിക്ക് അനേകം സദ്ഗുണങ്ങൾ ഉണ്ട്. ഇവയിൽ ഏറവും ഉത്തമമായത് ഇത്. അരേയും ഒരിക്കലും മുറിവേല്പിക്കുന്നില എന്നതാണ്. അയതിനാൽ എന്തുകൊണ്ട് പുഞ്ചിരിയെ പേടിക്കണം.

റോമാക്കാരുടെ ഇടയിൽ ഒരു അചാരം ഉണ്ട്. വർഷാവസാന രാത്രിയിൽ പഴയത് എറിഞ്ഞു കളയുന്നു. അതുപോലെ നമുക്ക് മങ്ങിയ ഇരുളടഞ്ഞ സ്വഭാവത്തെ പുറത്തേക്ക് എറിഞ്ഞു. ഒരു

സ്ഥിരമായ പുഞ്ചിരിയുടെ അവരണം നമ്മുടെ ചുണ്ടിൽ പ്രതിഷ്ടിച്ച് പുതുവർഷത്തിലേയ്ക്ക് കാൽവെയ്ക്കാം. നിങ്ങളുടെ ദിവസങ്ങൾക്ക് പുഞ്ചിരി നിറം പരത്തും. കഠിനപ്രവർത്തനങ്ങളിൽ സുഗന്ധം തളിക്കും. കണ്ണുകൾക്ക് തിളക്കം നൽകും. നിങ്ങൾക്ക് ഒരു കഴിവും വാസനയും ഇല്ലെന്ന് വിചാരിച്ച് കരയുകയാണോ. പുഞ്ചിരിക്ക് ദൃഢതയും ശ്രേഷ്ഠവുമായ സുവർണ വൈദഗ്ധ്യം ഉണ്ട്.

അവസാനമായി പുഞ്ചിരിക്കുന്ന ഒരു മനുഷ്യനേക്കാൾ ആകർഷണിയനായ മറ്റൊരുവൻ ഇല്ല. നിങ്ങൾ പുഞ്ചിരിയിൽ കൂടി കൂടുതൽ മനോഹരിതനായി കാണപ്പെടുന്നു. അതിനാൽ പുഞ്ചിരിക്കുക തന്നെ ചെയ്യുക.

# മദ്ധ്യകേരളാ സി.എസ്.ഐ ഡയോസിസ് കൺവൻഷൻ







പത്തനംതിട്ട ജില്ല വെച്ചൂച്ചിറ സി.എസ്.ഐ കൺവൻഷൻ എന്റെ ദൈവവേലയിൽ 2016-ാം വർഷം ആദ്യത്തെ കൺവെൻഷനായിരുന്നു. ഈ മലമ്പ്രദേശത്തിൽ മിഷണറിമാർ പ്രസംഗിച്ച വയൽപ്രദേശമാണ് വെച്ചൂച്ചിറാ. ഇന്ന് സഭയായി പാസ്റ്ററേറ്റായി ധാരാളം ആളുകൾ യേശുവിനെ ആരാധിക്കുന്ന വലിയ സഭയായി മാറിയതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ധാരളം പേർ യോഗത്തിൽ രക്ഷിക്കപ്പെട്ടു. റവ.വർഗീസ് ഏദാദിക്കൽ അവർകൾ ഈ യോഗക്രമീകരണങ്ങൾ വളരെ പ്രാർത്ഥനയോടെ ചെയ്തിരുന്നു. പുതിയ വർഷത്തിൽ ഇവിടെയുള്ള ജനങ്ങളോട് ചേർന്ന് ദൈവത്തെ ആരാധിച്ചു. ദൈവനാമം മഹത്വപ്പെട്ടു.

# ശിഷ്യത്വത്തിന്റെ പരമ നിബന്ധന
# ആർ. സ്റ്റാൻലി.

ആരെങ്കിലും എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ചു നാൾതോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ (ലൂക്കൊ. 9:23)

യേശുവിന്റെ ഈ വാക്കുകൾ ശിഷ്യത്വത്തിന്റെ പരമമായ നിബന്ധനകൾ വ്യക്തമാക്കുന്നു. നാലു സുവിശേഷങ്ങളിലും ഇതു രേഖപ്പെടുത്തിയിട്ടുണ്ട്. മത്തായി, ലൂക്കൊസ് എന്നീ സുവിശേഷങ്ങളിൽ ഇത് രണ്ടു പ്രാവശ്യം വീതം കാണാം. (മത്താ. 10:28;16:24; മർക്കൊ. 8:34; ലൂക്കൊ 9:23; 14:27; യോഹ 12:15) യേശുവിന്റെ മറ്റൊരു പ്രസ്താവനകൾക്കും ഇത്രയും പ്രാധാന്യം നൽകിയിട്ടില്ല.

അനേകർ യേശുവിന്റെ "അടുക്കലേയ്ക്ക്" വരുന്നു; എന്നാൽ വളരെ ചുരുക്കം പേർ മാത്രമേ അവിടുത്തെ "അനുഗമിക്കുന്നുള്ളു" രക്ഷിക്കപ്പെടാത്തവരോടുള്ള യേശുവിന്റെ സന്ദേശമായിരുന്നു "എന്റെ അടുക്കലേയ്ക്ക് വരുവിൻ;" അവിടുത്തോട് ചേർന്നവരോടുള്ള സന്ദേശമാണ്" എന്റെ പിന്നാലെ വരുവിൻ. യേശുവിന്റെ അടുക്കലേയ്ക്ക് വരിക എന്നതിനാൽ അർത്ഥമാകുന്നത് പ്രാഥമികമായും, തന്മൂലമുള്ള സകല വിശേഷാനുകൂല്യങ്ങളും അനുഭവിക്കുക എന്നതാണ്; എന്നാൽ അവിടുത്തെ അനുഗമിക്കുന്നതിലൂടെ മുഖ്യമായ പല പ്രശ്നങ്ങളിലേയ്ക്കും പ്രവേശിക്കുന്നു എന്നതാണ് സത്യം. യേശുവിന്റെ അടുക്കലേയ്ക്ക് വരുമ്പോൾ നാം പാപക്ഷമ സ്വീകരിക്കുന്നു; എന്നാൽ അവിടുത്തെ അനുഗമിക്കുമ്പോൾ നാം നമ്മുടെ പാപസ്വഭാവമുള്ള സ്വയത്തെ പരിത്യജിക്കണം.

പിന്മാറ്റക്കാരുടെ ശതമാനം ഈ കാലയളവിൽ വർദ്ധിക്കുന്നതിന്റെ കാരണം യേശുവിന്റെ അടുക്കലേക്ക് വരുവാനുള്ള ആഹ്വാനം ആവർത്തിച്ചു കേൾക്കുന്നതിനാലാണ്. എന്നാൽ അവനെ അനുഗമിക്കാനുള്ള വെല്ലുവിളി ചുരുക്കമാണ്. നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ തികഞ്ഞ ഒരുവനായി വളരുവാൻ കഴിയാതെ ഇപ്പോഴും ഒരു ശിശുവായി കാണപ്പെടുന്നതെന്തെന്നു നിങ്ങൾ അത്ഭുതപ്പെടുന്നുവെങ്കിൽ അതിനുള്ള കാരണം ഈ ധ്യാനത്തിലൂടെ നിങ്ങൾ കണ്ടെത്തും.

യേശുവിന്റെ ശിഷ്യത്വത്തിനായുള്ള നിബന്ധനകൾ നമ്മുടെ ജീവിതത്തിൽ നാം സ്വീകരിക്കേണ്ടതും ഉപേക്ഷിക്കേണ്ടതുമായ ഘടകങ്ങൾ അടങ്ങിയതാണ്. ഉപേക്ഷിക്കുക എന്നുവെച്ചാൽ സ്വയത്തോട് "ഇല്ല" എന്നു പറയുന്നതും സ്വീകരിക്കുക എന്നുവെച്ചാൽ ക്രൂശിനോട് "ഉവ്വ്" എന്ന് പറയുമത്രേ. ഈ രണ്ടു വിധത്തിലുള്ള നിബന്ധനകളെക്കുറിച്ച് അല്പം വിശദമായി നമുക്ക് ഇവിടെ പഠിക്കാം.

**1. സ്വയത്യാഗം**

ക്രിസ്തുവിന്റെ പാഠശാലയിലെ ആദ്യപാഠം സ്വയത്യാഗമാണെന്ന് പ്രസിദ്ധ വേദപുസ്തക നിരൂപകനായ മാത്യു ഹെൻട്രി പറഞ്ഞിരിക്കുന്നു. സ്വയത്തെ തുടർച്ചയായി മരിപ്പിക്കാതെ യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന് മറ്റൊരു മാർഗ്ഗവുമില്ല. ആരെങ്കിലും യേശുവിനെ അനുഗമിക്കുന്നുവെങ്കിൽ അവൻ സ്വയത്തെ ത്യജിക്കുക തന്നെ വേണം.

**യേശു നമ്മുടെ മാതൃക**

മഹാസന്തോഷത്തിന്റെ സ്ഥാനം തന്നെത്താൻ ത്യജിച്ച് യേശു, ഒരു "വ്യസന മനുഷ്യനായി" (യെശ. 53:3)

സ്വർഗ്ഗീയ കൂട്ടായ്മ തന്നെത്താൻ ത്യജിച്ച് യേശു, "പാപികളുടെ സ്നേഹിതനായി" (മത്താ. 11:19)

പിതാവിനോടൊപ്പമുള്ള തേജസ്സിലെ വാസം തന്നെത്താൻ ത്യജിച്ച് യേശു" ദാസരൂപം" എടുത്തു (ഫിലി. 2:7,8).

സ്വർഗ്ഗത്തിൽ സദാ ദൂതന്മാരാൽ ആരാധ്യനായിരുന്ന യേശു ആ അവസ്ഥയെ ത്യജിച്ച് മനുഷ്യരുടെ "പരിഹാസവിഷയമായി" (മത്ത. 27:39–44).

പരിശുദ്ധ ദൈവപുത്രനായ യേശു, പിശാചു ബാധിതനെന്നും ബെയൽസബുലിന്റെ പ്രതിനിധിയെന്നും വിളിക്കപ്പെട്ടു (യോഹ. 7:20,8:52; ലൂക്കൊ. 11:15.)

തന്റെ കിരീടം തന്നെത്താൻ ത്യജിച്ച് യേശു കാൽവരി യാഗപീഠത്തിൽ യാഗമായി (എഫെ. 5:2).

പാപരഹിതനായ യേശു തന്റെ പൂർണ്ണതയെ തന്നെത്താൻ ത്യജിച്ചു നമുക്കുവേണ്ടി "പാപം" ആയിത്തീർന്നു. (യോഹ. 8:46;2 കൊരി. 5:21)

യേശുവിന്റെ ജീവിതത്തിൽ താൻ ചെയ്തതും ചെയ്യാതിരുന്നതുമായ കാര്യങ്ങളിലും യേശുവിന്റെ സ്വയത്യാഗം പ്രതിഫലിച്ചിരുന്നു. ഈ സംഭവങ്ങൾ നോക്കുക: അവിടുത്തെ ശക്തി വെളിപ്പെടുത്തുന്നതിനായി സമ്മർദ്ദം ഉണ്ടായ സന്ദർഭങ്ങളിൽ അവിടുന്ന് അത് നിരാകരിച്ചു (മത്ത. 4:3–11) ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പോലും ത്യജിച്ച് തല ചായ്ക്കാൻ പോലും സ്ഥലമില്ലാത്തവനായി ജീവിച്ചു (മത്ത. 8:20). കാര്യങ്ങൾ ശരിയായി ഗ്രഹിക്കാത്തവർക്കും, നീതിക്കു വിശന്നു ദാഹിക്കുന്നവർക്കുമായി, ഊണും ഉറക്കവും ത്യജിച്ചു ശുശ്രൂഷ ചെയ്തു (യോഹ. 4:5). ദൈവരാജ്യം സംബന്ധിച്ച് ശുശ്രൂഷകൾക്ക് വിഘ്നം വരാതിരിക്കുവാൻ തന്റെ കുടുംബാംഗങ്ങളുടെ ആവശ്യങ്ങളേക്കാൾ പിതാവിന്റെ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുത്തു. (മത്ത. 12:46–50). അവിടുത്തെ കർത്തവ്യത്തെക്കുറിച്ച് അഹങ്കരിക്കാതെ അവിടുത്തെ ശിഷ്യന്മാരുടെ കാലുകൾ

കഴുകി (യോഹ. 13:3–5). ദൂതന്മാരുടെ ഒരു സംഘം അവിടുത്തേയ്ക്ക് വേണ്ടി യുദ്ധം ചെയ്യുവാൻ അയയ്ക്കുന്നതിനായി പിതാവിനോടും പ്രാർത്ഥിക്കുവാൻ അവസരം ഉണ്ടായപ്പോൾ അവിടുന്ന് അത് നിരസിച്ചു (മത്തായി. 26:53,54). ന്യായാധിപ സംഘത്തിന്റെ മുമ്പാകെ അവിടുന്ന് കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെ വായ് തുറക്കാതിരുന്നു (മർക്കൊ. 15:3–5; യെശ. 53:7,8). അവിടുത്തെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെ അവിടുന്ന് മൗനമായിരുന്നു (1 പത്രൊ. 2:23). അവിടുത്തെ നോക്കി സഹതാപത്തോടെ വിലപിച്ചവരോട്, അവരേയും അവരുടെ മക്കളെയും ഓർത്ത് വിലപിക്കുവാൻ പറഞ്ഞു (ലൂക്കൊ. 23:27,28). അവിടുന്ന് കുരിശിൽ വേദന കൊണ്ട് പിടയുമ്പോൾ വേദനസംഹാരപാനീയം കുടിക്കുവാൻ വിസമ്മതിച്ചു (സങ്കീ 69:2, 21; മത്താ 27:34).

**കത്തി ജ്വലിക്കുക**

പരമോന്നതമായ യാഗമാണ് സ്വയത്യാഗം. സ്വയ തൃപ്തി നൽകുന്ന ജഡത്തിന്റെ ആഗ്രഹങ്ങളോടും, സ്വയ ഉയർച്ച നൽകുന്ന ലോകത്തിന്റെ വാഗ്ദാനങ്ങളോടും സ്വയത്തിന് പോഷണം നൽകുന്ന പരീക്ഷകളോടും "ഇല്ല" എന്നു പറയുന്നതാണ് സ്വയത്യാഗം (1യോഹ. 2:15,16) നമ്മിൽ അനേകരും സ്വയസ്നേഹികളാണ്. അത് മനുഷ്യന്റെ അവിഭാജ്യഘടകവും സ്വാഭാവിക ലക്ഷണവുമാണ്. എന്നാൽ സ്വയത്യാഗത്തിനായി ഓരോ പടിയും ക്രിസ്തീയ ജീവിതത്തെ പുരോഗമിപ്പിക്കുന്നു. ഒരുവൻ സ്വയത്തെ താഴ്ത്തുന്നിടത്തോളം ദൈവത്തോട് ഉയർന്നടുക്കുന്നു. ജ്വലിക്കാതെ എങ്ങളെ പ്രകാശിക്കുവാൻ കഴിയും? സ്നാപകയോഹന്നാൻ "ജ്വലിക്കുകയും പ്രകാശിക്കുകയും ചെയ്ത വിളക്ക്" ആയിരുന്നു. (യോഹ. 5:35) അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിന്റെ പരസ്യമാണ്: " ഞാനോ കുറയേണം അവിടുന്ന് വളരേണം" (യോഹ. 3:30). ഹഡ്സൺ ടെയ്ലർ ചൈനയിൽ ദൈവത്തിനായി എരിഞ്ഞടങ്ങിയ ഒരു മിഷണറിയായിരുന്നു. അദ്ദേഹം ക്രിസ്ത്യാനികളെ വെല്ലുവിളിക്കുന്നു: " കത്തിജ്വലിക്കുവാനായി ചില തിരികളെ ദൈവം നോക്കുന്നു, എണ്ണയും അഗ്നിയും സൗജന്യമാണ്."

മറ്റൊരു ഉദാഹരണമാണ് പൌലോസ്. അദ്ദേഹത്തിന്റെ മുദ്രാവാക്യമായിരുന്നു, "ഞാനല്ല ക്രിസ്തുവത്രേ" അദ്ദേഹം സ്വയത്യാഗത്തിന്റെ അനുഗ്രഹങ്ങൾക്ക് സാക്ഷിയാണ്: " ഞങ്ങൾ മരിക്കുന്നവർ എങ്കിലും ജീവിക്കുന്നവർ; ശിക്ഷിക്കപ്പെടുന്നവരെന്നിട്ടും കൊല്ലപ്പെടാത്തവർ; ദുഖിക്കുന്നവർ എങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും പലരെയും സമ്പന്നരാക്കുന്നവർ; ഒന്നും ഇല്ലാത്തവർ എങ്കിലും എല്ലാം കൈവശമുള്ളവർ " (2കൊരി. 619,10).

**സ്വയത്യാഗം ചെലവേറിയത്**

സ്വയത്യാഗം വിലകുറഞ്ഞതല്ല. എത്രമാത്രം ചെലവാകും എന്നതിനെക്കുറിച്ച് കണക്കാക്കുവാൻ യേശു തന്റെ അനുയായികളെ ബുദ്ധിയുപദേശിച്ചിരുന്നു. ഗോപുരം പണിയുന്നവനെ

ക്കുറിച്ചും ശത്രുവിനെതിരെ യുദ്ധം ചെയ്യുവാൻ ഒരുങ്ങുന്ന രാജാവിനെക്കുറിച്ചും ഉള്ള ഉപമകൾ യേശു അതിനുവേണ്ടി പ്രസ്താവിച്ചു. ഗോപുരം പണിയുന്നവൻ തീർപ്പാൻ പണം ഉണ്ടോ എന്നും യുദ്ധത്തിനു ഒരുങ്ങുന്നവൻ എതിർക്കുവാൻ മതിയായ സൈന്യം ഉണ്ടോ എന്നും കണക്കു നോക്കണം. **അതുപോലെ അവിടുത്തെ ശിഷ്യനായിരിക്കുന്നവനും തീരുമാനിക്കുന്നവനും ആഴമായി ചിന്തിക്കണമെന്നു യേശു ആവശ്യപ്പെടുന്നു (ലൂക്കൊ. 14:27-33)!** അവിടുത്തെ അനുഗമിച്ച പുരുഷാരം അപ്പത്തിനും മീനിനുമായി തന്നെ അനുഗമിക്കരുതെന്ന് യേശു നിഷ്ക്കർഷിച്ചു. അനുഗ്രഹങ്ങൾക്കും അത്ഭുതങ്ങൾക്കും മാത്രമായി യേശുവിനെ അനുഗമിച്ചവർക്ക് കടുത്ത നിരാശ അനുഭവിക്കേണ്ടി വന്നു. (യോഹ. 6:26,27)

**അവകാശങ്ങളും ആനുകൂല്യങ്ങളും**

അവിടുത്തെ ശിഷ്യന്മാർ യേശുവിനെ അനുഗമിക്കുമ്പോൾ ന്യായമായ ചില അവകാശങ്ങളും ആനുകൂല്യങ്ങളും അവരുടെ ജീവിതത്തിൽ നിന്നും ത്യജിക്കണമെന്നു യേശു ആഗ്രഹിക്കുന്നു. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും. തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവൻ ഈ ലോകത്തിൽ നിത്യജീവനെ കണ്ടെത്തും (യോഹ. 12:25). അന്ത്യകാലത്ത് ഈ ഉപദേശവും പ്രായോഗിക ജീവിതവും എത്രത്തോളം പ്രസക്തിയില്ലാതിരിക്കും എന്നു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്. ദുർഘടസമയങ്ങളെക്കുറിച്ച് പൗലോസ് പ്രതിപാദിക്കുമ്പോൾ ആദ്യം പറഞ്ഞിരിക്കുന്നത് എന്താണെന്നു ശ്രദ്ധിക്കുക: മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും ............ (2തിമൊ. 3:1,2). നമുക്കുള്ളതെല്ലാം  നമുക്കുവേണ്ടി മാത്രം ചെലവഴിക്കുവാനുള്ളതല്ല.

" ഒരുവൻ തനിക്കുള്ളതെല്ലാം ഉപേക്ഷിക്കുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുന്നതല്ല" (ലൂക്കൊ. 14:33) ഇവിടെയാണ് നമ്മുടെ പ്രശ്നം. യേശു അസാദ്ധ്യമെന്ന് പറഞ്ഞത് നാം സാദ്ധ്യമാക്കിയിരിക്കുന്നു – " നിങ്ങൾക്ക് ദൈവത്തെയും ധനത്തെയും സേവിപ്പാൻ കഴിയുന്നതല്ല" (ലൂക്കൊ. 16:13) പ്രകൃതി ക്ഷോഭങ്ങൾ നമ്മെ അടിച്ചു, യുദ്ധങ്ങൾ നമ്മെ പിരിമുറുക്കി, എന്നിട്ടും നമ്മുടെ സമ്പത്തിനോടുള്ള ആസക്തിയിൽ നിന്നും വിടുവിക്കുന്നതുവരെ കാത്തിരിക്കുന്നത് എത്ര ഭോഷത്വം. യേശു സ്വമേധയാ ദരിദ്രനായി.

**സ്വയത്യാഗം പ്രയാസമുള്ളത്**

ഇതെല്ലാം നാം ചിന്തിച്ചുവെങ്കിലും സ്വയത്യാഗം അത്ര ലളിതമായതല്ല. " ഞാൻ ഇതുവരെ കണ്ടുമുട്ടിയിട്ടുള്ളതിൽ വച്ച് ഏറ്റവും കൂടുതൽ എന്നെ ശല്യപ്പെടുത്തുന്ന വ്യക്തി ഡി.എൽ. മൂഡിയാണ്" എന്ന് ഡി.എൽ. മൂഡി തന്നെക്കുറിച്ചു തന്നെ പറഞ്ഞിട്ടുണ്ട്. നിഷ്ക്കളങ്കമായ നേതൃത്വം ലോകത്തിന് കാഴ്ചവെച്ച് അനേകരെ വാർത്തെടുക്കുവാൻ ഈ ഉപദേശത്തിനു കഴിഞ്ഞു എന്നതിനു വളരെ വ്യക്തമായ തെളിവുകൾ ഉണ്ട്. "ത്യാഗം" എന്ന വാക്കിനെ മാറ്റി നിറുത്തിയാൽ സഭ

യുടെ ചരിത്രം മാത്രമല്ല ലോകചരിത്രത്തിന്റെ പേജുകൾ ശൂന്യമായി കിടക്കും എന്നതിനു രണ്ടുപക്ഷമില്ല, കാരണം, സ്വയത്യാഗമാണ് മഹാന്മാരുടെ ജീവിത വിജയത്തിന് രഹസ്യം.

ജീവിതത്തിന്റെ ഏതെല്ലാം മേഖലകളിലാണ് നിങ്ങൾ സ്വയത്യാഗം അനുഷ്ഠിക്കുന്നതെന്നു പറയുവാൻ സാധിക്കുമോ? നിങ്ങൾക്ക് അതിനു കഴിഞ്ഞിട്ടില്ലെങ്കിൽ ഈ പുതിയ വർഷത്തിൽ എന്തു കൊണ്ടു അതിനായി യത്നിച്ചുകൂടാ?

**2. ക്രൂശു വഹിക്കൽ**

സ്വയത്തെ ത്യജിക്കുന്നവൻ ക്രൂശു എടുക്കേണ്ടതാണ്. അതേസമയം സ്വയത്യാഗത്തെ തുടർന്ന് ക്രൂശുവഹിക്കേണ്ടതില്ലായിരുന്നുവെങ്കിൽ ക്രിസ്തീയ ജീവിതത്തിനും ശിഷ്യത്വത്തിനും അർത്ഥമില്ലായിരുന്നു. മഹത്തായ ത്യാഗോജ്വല ജീവിതം കാഴ്ചവെച്ച അനേകം സ്ത്രീ പുരുഷന്മാർ ഒരിക്കലും ക്രൂശ് എടുത്തിരുന്നില്ല. ലോകം അവരെ ബഹുമാനിച്ചു എന്നാൽ നിത്യതയുടെ വെളിച്ചത്തിൽ അത് അവർക്ക് ഒരു ലാഭവും ഉണ്ടാക്കിയിരുന്നില്ല. ശിഷ്യത്വത്തിനുള്ള വ്യവസ്ഥ പറയുന്നതിന് തൊട്ടുമുൻപ് യേശു ചോദിച്ച വാക്കുകൾ ശ്രദ്ധിക്കുക: " ഒരു മനുഷ്യൻ സർവ്വലോകവും നേടി തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം? ഒരു മനുഷ്യൻ തന്റെ ജീവനു മറുവിലയായി എന്തു കൊടുക്കും" ? (മർക്കൊ. 8:36,37)**ക്രൂശിനു പ്രസിദ്ധിയില്ല**

ക്രൂരതയും ദണ്ഡനവും നിറഞ്ഞ ഒരു വധശിക്ഷയ്ക്കുള്ള ഉപകരണമാണ് ക്രൂശ്. നിന്ദയുടെയും കഷ്ടതയുടെയും ചിഹ്നമാണ് ക്രൂശ്. ശാപത്തിന്റെയും ശിക്ഷാവിധിയുടെയും ചിത്രമാണ് നാം ക്രൂശിൽ കാണുന്നത്. അവജ്ഞയും നിന്ദയും പ്രതിബിംബിക്കുന്ന ഒരു വസ്തവാണ് ക്രൂശ്. ആരാണ് അത് ഇഷ്ടപ്പെടുന്നത്, ആരാണ് അത് ഏകനായി എടുക്കുന്നത്? ദൈവത്തിന്റെ വീണ്ടെടുപ്പു പദ്ധതിയിൽ ക്രൂശിനെ കാണുവാൻ പത്രോസിന് കഴിയാത്തതിൽ അത്ഭുതപ്പെടാനില്ല. യേശുവിനെക്കുറിച്ചുള്ള അസാധാരണമായ സ്വർഗ്ഗീയ വെളിപ്പാട് പത്രോസിനു ലഭിച്ചതിനെക്കുറിച്ച് യേശു പുകഴ്ത്തി പറഞ്ഞ സമയമായിരുന്നു, അത്. എന്നാൽ ക്രൂശ് എന്ന് കേട്ട മാത്രയിൽ അവൻ ഭ്രാന്തനെപ്പോലെയായി, അവൻ യേശുവിനെ " ശാസിക്കുവാൻ" തുടങ്ങി. യേശു വളരെ കഠിനമായി പത്രോസിനെ തിരിച്ചു ശാസിച്ചു, **കാരണം ക്രൂശില്ലാത്ത രക്ഷ സാത്താന്റേതാണെന്നു അവിടുത്തേക്ക് അറിയാമായിരുന്നു. ഈ സംഭവത്തെത്തുടർന്നാണ് യേശു ശിഷ്യത്വത്തിന്റെ നിബന്ധന വിധിച്ചത് (മത്തായി 16:13–24)**. ക്രൂശിനെക്കുറിച്ചുള്ള ഉപദേശം മൌലിക മതവാദികളുടെയിടയിൽ ഒരിക്കലും പ്രസിദ്ധമായിരുന്നില്ല (1കൊരി 1:18–23) നാം വളരെ അപൂർവ്വമായി മാത്രം ക്രൂശിനെക്കുറിച്ച് പ്രസംഗവേദികളിൽ പറയാറുണ്ട്. **എന്നാൽ ക്രൂശ് വഹിക്കലിനെക്കുറിച്ച് ശരിയായ ധാരണ ഇന്ന് ഭൂരിപക്ഷം ക്രിസ്ത്യാനികൾക്കും ഉണ്ടായിട്ടില്ല എന്നു ഞാൻ പൂർണ്ണമായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.**

**രക്തസാക്ഷിത്വവും പരിഹാസവും**

" ക്രൂശ് വഹിക്കുക" എന്ന പദ്ധതിയിൽ ചെയ്യേണ്ടതു ക്രൂശീകരണ സ്ഥലത്തേക്ക് ക്രൂശ് എടുത്തുകൊണ്ട് നടന്നുപോവുകയാണ്. സാധാരണയായി പരിഹസിക്കുന്ന ഒരു ജനക്കൂട്ടത്തിനി ടയിലൂടെയാണ് പോകേണ്ടത്. നാം യേശുവിനെ അനുഗമിക്കുവാൻ ആഗ്രഹിച്ചാൽ , ഇതു പോലെയുള്ള പരിഹാസങ്ങൾ നമ്മുടെ ജീവിതയാത്രയുടെ അന്ത്യംവരെ, ചിലപ്പോൾ രക്തസാ ക്ഷിയായി മരിക്കുന്നതുവരെ അനുഭവിക്കുവാൻ നാം തയ്യാറാകണം. വിശ്വാസികൾ വിശ്വാസത്തി ലേക്ക് കടന്നു വരുന്ന നിമിഷം മുതൽ ദൈവ രാജ്യത്തിന് വേണ്ടി ത്യാഗം വരിച്ച് ജീവിതത്തെ മുൻകൂട്ടി കാണണം.

യേശു യെരുശലേം നഗരത്തിനു പുറത്താണ് ക്രൂശീകരിക്കപ്പെട്ടത്. എബ്രായലേഖന കർത്താവ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു; ആകയാൽ" നാം അവന്റെ നിന്ദചുമന്നുകൊണ്ടു പാളയത്തിനു പുറത്തു അവന്റെ അടുക്കൽ ചെല്ലുക" (എബ്രാ. 13:12,13). ഈ വചനം വായിക്കുന്ന ഓരോ യഹൂദ ക്രിസ്ത്യാനിയും അർത്ഥമാക്കേണ്ടത് ഇപ്രകാരമാണ്: " യഹൂദ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെടുവാനും ഞങ്ങൾ സന്നദ്ധരാണ്" അക്രൈസ്തവ പാരമ്പര്യത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് കടന്നു വരുന്നവർക്കും ഇതേ അനുഭവം തന്നെ ഇന്നും തുടരു ന്നു.

**നമ്മുടെ ചിന്താഗതിയിൽ സ്വയത്യാഗത്തെക്കുറിച്ച് യേശു പ്രസ്താവിച്ചതിനെ തുടർന്നു തന്നെ, ലജ്ജിക്കാതെ യേശുവിനെ സാക്ഷിക്കുന്നതിനെക്കുറിച്ചും അവിടുന്നു സൂചിപ്പിച്ചതു ശ്രദ്ധിക്കേണ്ടതാണ്. " ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മഹത്വ ത്തിൽ വരുമ്പോൾ നാണിക്കും" (ലൂക്കൊ 9:26)** നമ്മുടെ തലമുറ "വ്യഭിചാരവും പാപവും ഉള്ള തലമുറ" (മർക്കൊ. 8:38) യേശുവിനെ സാക്ഷിക്കുന്ന ജീവിതം ചെയ്തു പുലർത്തുവാൻ അകത്തും പുറത്തും നിന്നുള്ള ശക്തികൾക്കെതിരായി നാം പ്രവർത്തിക്കണം. ലളിതമായ ക്രൂശ് എന്നു പറയു വാൻ മറ്റൊന്നില്ല. ഒരു കാരണവും കൂടാതെ യേശുക്രിസ്തു എന്ന ഏക കാരണത്താൽ ലോകം നിങ്ങളെ വെറുക്കും. (യോഹ. 15:18–25). പീഢനങ്ങൾ ഒഴിവാക്കുന്നതുമൂലം നാം ഒരുപക്ഷേ നമ്മുടെ ശരീരത്തെ രക്ഷിച്ചുവെന്നു വരാം. പക്ഷെ നിത്യമായ പ്രതിഫലം നഷ്ടപ്പെടും (ലൂക്കൊ. 9:14). ദൈവദാസനായ ലീനാർഡ് റാവെൻഹിൽ ഇത് മറ്റൊരു വിധത്തിൽ പറഞ്ഞു. "നമ്മുടെ ജീവൻ രക്ഷിക്കുന്നതുമൂലം നാം നിത്യ ജീവനെ നഷ്ടപ്പെടുത്തുക മാത്രമല്ല. മറ്റനേകരുടെ നിത്യ ജീവൻ കൂടെ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്".

**സമാധാനമോ "വാളോ" ?**

ക്രൂശ് എന്ന വാക്ക് പുതിയ നിയമത്തിൽ ആദ്യമായി ഉപയോഗിച്ചിരിക്കുന്നത് മത്തായി10:38 ൽ ആണ്. ക്രിസ്തുവിനെ സാക്ഷിക്കുവാൻ തങ്ങളുടെ വളരെ അടുത്ത കുടുംബാംഗങ്ങളുടെ ആഗ്രഹത്തിന് വിപരീതമായി പോലും പോകേണ്ടതിനെക്കുറിച്ചാണ് അവിടുന്ന് രേഖപ്പെടുത്തിയിരിക്കുന്നത് 16 മുതൽ 39 വരെയുള്ള തിരുവചനങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. വലിയ മിഷണറിമാരായി വന്നവർ തങ്ങളുടെ ദൗത്യം ഏറ്റെടുക്കാതെ, അവരുടെ കുടുംബങ്ങളെ പ്രസാദിപ്പിച്ചിരുന്നെങ്കിൽ ലോകത്തിന് അവരെ ലഭിക്കുകയില്ലായിരുന്നു. ഒരു വ്യക്തി പൂർണ്ണസമയ പ്രവർത്തനത്തിനായി ദൈവത്തിന്റെ തോട്ടത്തിൽ ഇറങ്ങിയില്ലെങ്കിൽ തന്നെയും, മാതാപിതാക്കൾ തങ്ങളുടെ ആൺമക്കളും പെൺമക്കളും ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെട്ടു പോകുന്നതിൽ ദുഃഖിക്കാതെ അവരെ യേശുവിനായി നേടുന്നതിൽ സന്തോഷിക്കുന്നില്ല. കാരണം, സുവിശേഷീകരണ പ്രവർത്തനത്തിൽ ഇറങ്ങുന്നതുമൂലം വരുന്ന ക്രിസ്തുവിന്റെ "വാൾ" കൊണ്ടുള്ള വേദനജനകമായ ശസ്ത്രക്രിയ ഒഴിച്ചുകൂടാൻ പാടില്ലാത്തതിനാൽ തന്നെ (വചനം – 34)

അവിടുത്തെ പരമമായ നിയോഗത്തിന്റെ നിവർത്തീകരണത്തിനായി നമ്മുടെ ദൈസ്നേഹം മറ്റെല്ലാ സ്നേഹത്തെക്കാളും ഉപരിയായിരിക്കേണം (ലൂക്കൊ. 14:26; മത്തായി 10:37). റാൽഫ്മാർട്ടിൻ പറഞ്ഞിട്ടുണ്ട്: " സുവിശേഷത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ അടയാളം സുവിശേഷത്തിന്റെ വ്യാപ്തിക്കായി ത്യാഗത്തോടെ സഹായിക്കാനുള്ള നമ്മുടെ ഒരുക്കത്തിന്റെ അളവാണ്."

**അപമാനവും വേദനയും**

ആരെങ്കിലും യേശുവിനെ അനുഗമിക്കുവാൻ ഇച്ഛിച്ചാൽ "തന്റെ" ക്രൂശ് എടുക്കട്ടെ. ദൈവം ഒരോരുത്തർക്കും അവരവരുടെതായ സാഹചര്യങ്ങളും പ്രയാസങ്ങളും രൂപകല്പന ചെയ്തിരിക്കുന്നു. അതിൽ നിന്നും രക്ഷപെടുവാൻ നാം ശ്രമിക്കരുത്. " ബാല്യത്തിൽ നുകം ചുമക്കുന്നതു ഒരു പുരുഷനു നല്ലതു, ദൈവം അതു നൽകി എന്ന് മനസ്സിലാക്കി അവൻ തനിച്ചു മൗനമായിരിക്കട്ടെ. അവൻ ദുഖിപ്പിച്ചാലും തന്റെ മഹാ ദയയ്ക്ക് ഒത്തവണ്ണ് അവന് കരുണ തോന്നും" (വിലാപ 3:27–33) **ഒരു പക്ഷെ നമ്മെ വിനയപ്പെടുത്തുവാനുള്ള പരീക്ഷയായിരിക്കും ക്രൂശ്., പഴയ സ്വഭാവത്തെ, വേദനപ്പെടുത്തുന്ന, ലജ്ജ തോന്നിപ്പിക്കുന്ന, വെറുപ്പുളവാക്കുന്ന, ഒരു പ്രക്രിയയായിരിക്കാം അത്. പക്ഷേനമ്മുടെ ഹൃദയത്തിന്റെ അഹങ്കാരത്തെ കീഴടക്കുന്നു.**

ശിക്ഷയുടെ പ്രതീകമാണ് ക്രൂശ്. "നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോടും പെരുമാറുന്നു."(എബ്രാ 12:2,7). ബലഹീനതയിൽ അവിടുന്ന് ക്രൂശിക്കപ്പെട്ടിട്ടും ദൈവ ശക്തിയാൽ ജീവിക്കുന്നു; ഞങ്ങളും അങ്ങനെ തന്നേ ബലഹീനർ എങ്കിലും അവിടത്തോടു കൂടെ ദൈവശക്തിയാൽ നിങ്ങൾക്കു വേണ്ടി ജീവിക്കുന്നു" (2കൊരി. 13:4)

**നാൾതോറും ക്രൂശ് എടുക്കുക**

ഒരു ക്രിസ്ത്യാനിക്ക് വല്ലപ്പോഴുമുള്ള അനുഭവമല്ല ക്രൂശ് എടുക്കുകയെന്നത്; പ്രത്യുത അത് ജീവിത രീതിയാണ്. " നാൾതോറും " തന്റെ ക്രൂശ് അവൻ എടുക്കട്ടെ! നാൾതോറുമുള്ള ചുമതലകളിലും കടമകളിലും അവൻ പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടവനാണ്. " പാപത്തോടുള്ള ശത്രുത" ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. ക്ഷോഭിക്കാവുന്ന സാഹചര്യങ്ങൾ എപ്പോഴും ഉണ്ടായെന്നു വരാം. എന്നാൽ ഒരിക്കലും അവൻ മനസ്സിൽ ആകുലനാകുവാനോ, നിരാശപ്പെടുവാനോ പാടില്ല. അവൻ ക്ഷിണിച്ചു മടുക്കാതെ പാപത്തോട് പ്രാണത്യാഗത്തോളം പോരാടണം (എബ്രാ. 12:3,4)!

**കുരിശും കിരീടവും**

ക്രൂശ് ക്രിസ്തീയ ജീവിതത്തിന്റെ അവസാനമല്ല. അവൻ തന്റെ ജീവിതം പരിശുദ്ധിയോടെ അവസാനിപ്പിക്കുമ്പോൾ ബഹുമാനത്തിന്റെയും മഹത്വത്തിന്റെയും കിരീടം അണിയിക്കും. അവിടുത്തെ അനുഹമിച്ചുകൊണ്ട് ഒരേ പാതയിൽ നമുക്ക് പാടിക്കൊണ്ട് മുന്നേറാം.

ക്രൂശും വഹിച്ചാ കുന്നിൻമീതെ പോകുവതാരോ
ക്ലേശം സഹിച്ചോരഗതിയെപോലെ ചാകുവതാരോ
എൻ ആധിയകറ്റാൻ തനിയെ ക്രൂശെടുത്ത ദേവസുതാ
പിന്നാലെ ഞാനെൻ ക്രൂശുമെടുത്തു വരുന്നിതാ കൃപയാൽ

# നിങ്ങൾക്ക് എന്റെ 2016 – നവവത്സര ആശംസകൾ

### * 2016 – കളമശ്ശേരി ഐക്യകൺവെൻഷൻ

2016 ഫെബ്രുവരി 11 വ്യാഴ്ച മാത്രം 6.30 മണിയ്ക്ക് എന്റെ പ്രസംഗം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് : ബെഞ്ചമിൻ ജോസഫ്, ഫോൺ : 09895495497
കുറിപ്പ് : കേരളത്തിലുള്ള എന്റെ മറ്റ് യോഗവിവരങ്ങൾ ജാമക്കാരൻ മാസികയിലൂടെ നിങ്ങൾക്ക് വായിച്ചറിയാവുന്നതാണ്. * ജാമക്കാരൻ മാസികയും, എന്റെ മലയാള പാട്ടുകളുടങ്ങിയ സി.ഡിയും ആവശ്യമുള്ളവർ നിങ്ങളുടെ ഫോൺ നമ്പരോടുകൂടിയ മേൽവിലാസം എഴുതി Dr.PushpaRaj, Salem - 636005 അറിയിക്കുക. ഇ–മെയിൽ വഴിയായും ബന്ധപ്പെടാം. jamakaran@yahoo.com. (ജാമക്കാരൻ മാസികയ്ക്ക് വരിസംഖ്യ ഇല്ല.)

**ദൈവം നിങ്ങളെ എല്ലാവരേയും ഈ പുതിയ വർഷത്തിലും സമാധാനവുംആരോഗ്യവും നൽകി അനുഗ്രഹിക്കുമാറാകട്ടെ.**

# ശുശ്രൂഷകന്മാരും വിശ്വാസികളും ഭിക്ഷക്കാരല്ല

വർഷങ്ങൾക്കു മുമ്പ് പാവപ്പെട്ട ദാരിദ്ര്യം അനുഭവിക്കുന്ന വിശ്വാസികൾ അംഗങ്ങളായുള്ള ഒരു സഭയെയും പാസ്റ്ററെയും എനിയ്ക്ക് പരിചയമുണ്ട്. വിശപ്പ്, പട്ടിണി ഒക്കെയും അനുഭവിക്കുമ്പോൾ, ആ പാസ്റ്ററും, സഹശുശ്രൂഷകന്മാരും, ഓമയ്ക്ക (പപ്പായ) വേവിച്ച്, ഉപ്പും, അച്ചാറും കൂട്ടി കഴിച്ച് വിശപ്പടക്കാറുണ്ട്. ആ സഭയിലെ സ്തോത്രക്കാഴ്ച വളരെ തുച്ഛമാണ്. ഞായറാഴ്ച ആരാധനയ്ക്കു ശേഷം മാത്രം സഭാജനങ്ങൾക്ക് ചോറും സാമ്പാറും വളരെ കുറഞ്ഞ അളവിൽ കൊടുക്കുന്ന പതിവുണ്ട്. എന്നാലും ദാരിദ്ര്യാവസ്ഥയിലും സഭാജനങ്ങൾ വളരെ സന്തോഷമായും നന്ദിയോടും കൂടെ ദൈവത്തെ സ്തുതിച്ചു പാടി സന്തോഷിക്കും. തങ്ങളുടെ ഇല്ലായ്മ ആ പാസ്റ്റർ, സഭാജനങ്ങളോടോ മറ്റ് ആരോടുമോ പറയാറില്ല.

അതേ സ്ഥലത്ത് വളറെ ധനികനായ ഒരു ക്രിസ്ത്യാനി ഉണ്ടായിരുന്നു. തന്റെ മകളുടെ വിവാഹം വളരെ ആഡംബരത്തോടെ നടത്തി. ധാരാളം പേരെ വിവാഹത്തിന് ക്ഷണിച്ചിരുന്നു. പക്ഷേ പ്രതീക്ഷിച്ച അത്രയും പേർ വിവാഹസൽക്കാരത്തിനു വരാത്തതുകൊണ്ട് ക്രമീകരിച്ചിരുന്ന ബിരിയാണീ ഒരുപാടു മിച്ചം വന്നു. അത് വെറുതെ കളയുവാൻ അദ്ദേഹത്തിന് മനസ്സായില്ല. മേൽപറഞ്ഞ പാസ്റ്ററെയും ശുശ്രൂഷകന്മാരെയും പാവപ്പെട്ട സഭാവിശ്വാസികളെയും ഓർത്തിട്ട് മിച്ചം വന്ന എല്ലാ ആഹാരപദാർത്ഥങ്ങളും, ബിരിയാണിയും വലിയ പാത്രങ്ങളിലാക്കി രാത്രി പത്തു മണിക്കുശേഷം, മേൽപറഞ്ഞ ധനികൻ നേരിട്ട് പാസ്റ്ററിനെ സമീപിച്ച് വിവരം പറഞ്ഞു. പാസ്റ്റർ അദ്ദേഹത്തോട് ഈ പാതിരാത്രിയിൽ പോലും ഞങ്ങളെ ഓർത്ത് ഈ ആഹാരപദാർത്ഥങ്ങൾ നിങ്ങൾ തന്നേ കൊണ്ടുവന്നതിന് വളരെ നന്ദി. പക്ഷേ നിങ്ങളോട് ഞാൻ ഒരു കാര്യം ചോദിക്കട്ടെ. നിങ്ങൾ വിവാഹസൽക്കാരത്തിനായി ഉണ്ടാക്കിയ ഭക്ഷണപദാർത്ഥങ്ങളിൽ ആദ്യഭാഗം ദൈവത്തിനായി മാറ്റിവെച്ചിട്ട് അത് ഞങ്ങൾക്ക് നൽകുവാനാണോ വന്നത്. അതോ അവസാനം എല്ലാവരും കഴിച്ചതിനുശേഷം ബാക്കി വന്നത് ദരിദ്രരായ ശുശ്രൂഷകർക്കും, സഭാവിശ്വാസികൾക്കും നൽകുവാനാണോ വന്നത് എന്ന് ചോദിച്ചു. സമ്പന്നനായ ആ വ്യക്തി മറുപടി പറയുവാൻ വളരെ ബുദ്ധിമുട്ടി. സത്യാവസ്ഥ അതാണ് "പ്രതീക്ഷിച്ച അത്രയും പേർ വിരുന്നു സൽക്കാരത്തിന് വരാത്തതിനാൽ മിച്ചം വന്നതാണ് ഞാൻ കൊണ്ടു വന്നത്" എന്നു പറഞ്ഞു. ഇതുകേട്ട പാസ്റ്ററ് മിച്ചം വന്നതും അവശേഷിക്കുന്നതും ദരിദ്രർക്കും, യാചകർക്കും കൊടുക്കുക. എപ്പോഴും ആദ്യഭാഗം ദൈവത്തിനു കൊടുക്കുന്നതുപോലെ കണക്കാക്കി, ദൈവീക ശുശ്രൂഷകന്മാർക്കും പാവപ്പെട്ട വിശ്വാസികൾക്കും കൊടുക്കേണ്ടതാണ്. അപ്പോൾ മാത്രമേ അത് നിങ്ങൾക്ക് അനുഗ്രഹമായി തീരുകയുള്ളൂ എന്ന് പറഞ്ഞു കൊണ്ടുവന്ന ഭക്ഷണസാധനങ്ങൾ നിരസിച്ചു.

മേൽവായിച്ച സംഭവം നല്ല ഒരു സാക്ഷ്യമാണ്. ഇത് എന്നെ ഇഷ്ടപ്പെടാത്ത, ജാമക്കാരൻ – നശിപ്പിക്കപ്പെടണം എന്ന് തിരുപ്പത്തൂർ ഉപവാസയോഗങ്ങളിൽ പ്രാർത്ഥിച്ചതിൽ പ്രധാനപ്പെട്ട ഒരു വ്യക്തിയുടെ മാസികയിൽ നിന്ന് എടുത്തു പറഞ്ഞതാണ്. ഇത് ഒരു നല്ല സംഭവമായതുകൊണ്ട് എന്റെ വായനക്കാർക്ക് പ്രയോജനപ്പെടട്ടെ എന്ന് കരുതി അദ്ദേഹത്തിന്റെ അനുവാദമില്ലാതെ ഈ ഭാഗം മാത്രം പ്രസിദ്ധീകരിക്കുന്നു.

ദൈവവേലക്കാരെ യാചകരെപ്പോലെ കരുതുന്ന ഈ കാലഘട്ടത്തിൽ, വായനക്കാർ ഈ സംഭവം വായിക്കുന്നത് നല്ലത് എന്ന് ഉണർത്തപ്പെട്ടതുകൊണ്ട് മാത്രം ഇത് ഇവിടെ ചേർക്കുന്നു. ചില ദൈവവേലക്കാർ യാചകരെപ്പോലെ, പ്രാർത്ഥിക്കുവാൻ എന്ന രൂപേണ കയറിയിറങ്ങുന്നവരുമുണ്ട്. ഇപ്രകാരം സ്വതന്ത്ര ശുശ്രൂഷകർ എന്ന പേരിൽ ക്രിസ്ത്യാനികളുടെ വീടുകളിൽ ചുറ്റി നടക്കുന്നത് നിർത്തലാക്കേണ്ടതാണ്. ഏതെങ്കിലും ഒരു സഭയിലെ ശുശ്രൂഷകനായോ അല്ലെങ്കിൽ ശുശ്രൂഷകന്റെ സഹായി ആയോ ദൈവവേല ചെയ്യേണ്ടതാണ്. അങ്ങനെ അല്ല എങ്കിൽ ഒരു ശുശ്രൂഷ സ്ഥാപനത്തിലോ മിഷണറി സ്ഥാപനത്തോട് ചേർന്നോ പ്രവർത്തിക്കേണ്ടതാണ്. സ്വതന്ത്രശുശ്രൂഷകർ എന്ന് വേദപുസ്തകത്തിലില്ല. വിശ്വസ്ഥരായ ശുശ്രൂഷകർ തങ്ങളുടെ ആവശ്യങ്ങൾക്ക് ദൈവത്തെ മാത്രം ആശ്രയിച്ചു ജീവിക്കേണ്ടതാണ്. ദിനംപ്രതി മണിഓർഡറുകളെ പ്രതീക്ഷിച്ചോ വിദേശരാജ്യങ്ങളിലെ സഹായം പ്രതീക്ഷിച്ചോ? ദൈവവേല ചെയ്യരുത്.

നേരത്തേ സൂചിപ്പിച്ച സംഭവത്തിലെ പാസ്റ്റർ ദാരിദ്ര്യാവസ്ഥയിൽ ആയിരുന്നാലും സിംഹത്തെപ്പോലെ വളരെ അഭിമാനം ഉള്ളവനായി വിശപ്പുള്ളപ്പോഴും മറ്റുള്ളവർക്കായി ഭക്ഷിക്കുവാൻ മനസ്സില്ലാതെ അഭിമാനം ഉള്ള പാസ്റ്ററായി എന്റെ മനസ്സിൽ തോന്നിയതുകൊണ്ട് മറ്റുള്ള ശുശ്രൂഷകർക്ക് മാതൃകയായി ഈ സംഭവം തീരട്ടെയെന്നു കരുതി ഇത് എഴുതുന്നു. എന്റെ വസ്ത്രങ്ങൾ എന്റെ ശരീരഅളവിന് യോജിക്കാത്തവ, പഴയത് ഞാൻ പാവങ്ങൾക്ക് കൊടുക്കും. പക്ഷേ പാവപ്പെട്ട ദൈവവേലക്കാർക്ക് തീർച്ചയായും അതു കൊടുക്കയില്ല. പുതിയ തുണിയോ പുതിയ വസ്ത്രമോ അല്ലെങ്കിൽ പുതിയത് വാങ്ങുവാൻ ആവശ്യമായ പണമോ അവർക്ക് കൊടുക്കും.

ചില പാവപ്പെട്ട ദൈവവേലക്കാർ എന്നോട് നേരിട്ടു പഴയ വസ്ത്രങ്ങൾ ചോദിക്കുന്നത് എനിക്ക് വളരെ വേദനാജനകമാണ്. നിങ്ങൾ യഥാർത്ഥ ദൈവവേലക്കാരനാണെങ്കിൽ നിങ്ങളുടെ ആവശ്യങ്ങളെ ഒന്നാമത് ദൈവത്തോട് പറയുക. ദാസി അഥവാ ദാസൻ തങ്ങളുടെ യജമാനൻ എന്തെങ്കിലും തരുമോ എന്ന് പ്രതീക്ഷയോടെ നോക്കിയിരിക്കുന്നതുപോലെ നമ്മുടെ ആവശ്യങ്ങൾക്കായ് നാം ദൈവത്തിങ്കലേക്ക് നോക്കണം. ദൈവവും വ്യക്തികൾ മുഖേന അവരുടെ ആവശ്യങ്ങളെ നിറവേറ്റി കൊടുക്കും.

ദൈവത്തിന്റെ വേലക്കാർക്ക് ഒരു മൂല്യം ഉണ്ട്. പിന്നെയും ദൈവത്തെ യഥാർത്ഥമായി മനസ്സിലാക്കിയർ തങ്ങളുടെ ഇല്ലായ്മയെക്കുറിച്ച് പിറുപിറുക്കുകയില്ല. നാം ചോദിക്കുന്നതിന് മുന്നമേ നമ്മുടെ ആവശ്യങ്ങളെ നമ്മുടെ ദൈവത്തിന് അറിയാം.

ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ. ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല. (എബ്രായർ 13:5). നാം ദൈവത്തോട് വിശ്വസ്ഥരായിരുന്നാൽ – ദൈവവും നമ്മോട് വിശ്വസ്ഥനായിരിക്കും. ദൈവവേലക്കാരായ നമ്മെയും നമ്മുടെ മക്കളെയും ആരിൽകൂടെയും പോഷിപ്പിക്കും. ദൈവത്തെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയും കുറയുകയില്ല എന്ന് സങ്കീർത്തനക്കാരൻ പറയുന്നു. പക്ഷേ കുറവുകളെ, ദാരിദ്ര്യത്തെ ദൈവം അനുവദിച്ചതായാൽ അതിൽ ഒരു നന്മ കാണും. അടുത്ത നേരം ഞാൻ എന്റെ മക്കൾക്ക് എന്തു കൊടുക്കും എന്ന് ദൈവത്തോട് പ്രാർത്ഥിച്ച് നേടുമ്പോൾ ഉണ്ടാകുന്ന സന്തോഷം വളരെ വലുതാണ്. സമൃദ്ധിയും ധനവും ധാരാളമായി കവിയുന്ന അളവിൽ നമുക്കുണ്ട് എങ്കിൽ

ദൈവത്തോട് യാചിക്കുവാൻ ഒന്നുമില്ല. ആ അവസ്ഥയിൽ നാം ദൈവത്തെ സ്തുതിക്കും. ആ പ്രാർത്ഥന നേരത്തേയുള്ള പ്രാർത്ഥയോട് താരമത്യപ്പെടുത്താൻ പറ്റുകയില്ല.

താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കറിയാം. തൃപ്തനായിരിപ്പാനും, വിശന്നിരിപ്പാനും, സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ട് അനുഭവിപ്പാനും ഞാൻ ശീലിച്ചിരിക്കുന്നു. (ഫിലിപ്പിയർ 4:12). ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

# PROSPERITY DOCTORIN TV PREACHER PASTOR.SAM P.CHELLADURAI'S NEW BUSINESS & NEW DOCTORINE.

# WARNING:




**STEEL MAN COMPETITION INAGURATION AND PRAYER.PASTOR.SAM P.CHELLADURAI.**

# പൂർണ്ണസമയശുശ്രൂഷയ്ക്ക് ദൈവവിളി നിർബന്ധമായും ആവശ്യമാണോ?

(R.Stanley, Engineer, BYM Missionary Founder)

വ്യക്തമായ് "വിളിക്കപ്പെടാതെ" ആരും മുഴുവൻ സമയശുശ്രൂഷയ്ക്ക് ഇറങ്ങരുതെന്നതാണ് ഭൂരിഭാഗം ക്രിസ്തീയവിശ്വാസികളുടെയും അഭിപ്രായം. മറ്റുള്ളവർ അത് അവനവന്റെ "തിരഞ്ഞെടുപ്പ്" അനുസരിച്ച് എന്ന് കരുതുന്നു. ഇങ്ങനെ പോകുന്നു അഭിപ്രായവ്യത്യാസങ്ങൾ. കൊയ്ത്തിന് ആവശ്യത്തിനുള്ള വേലക്കാർ ഇല്ലാത്തതിന് മുഖ്യകാരണങ്ങളിൽ ഒന്ന് ഈ അഭിപ്രായവ്യത്യാസമാണ്. ഇതിനെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നു? എന്നു നോക്കാം.

വ്യക്തമായ ദൈവവിളിയെ ഉറപ്പിക്കുവാനായി നാം സാധാരണമായി ഉപയോഗിക്കുന്ന വേദവചനം. എബ്രായർ 5:4. "എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല." ഇവിടെ രണ്ട് പ്രധാന കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്നാമതായി ഇവിടെ പറയപ്പെടുന്നത് പൊതുവായ പൗരോഹിത്യ ശുശ്രൂഷയെ കുറിച്ചല്ല. "മഹാപുരോഹിതനായ" ശ്രേഷ്ഠവും മഹത്വവുമായ പദവിക്കായ് നിയമിക്കപ്പെടുന്നതിനെ കുറിക്കുന്നു. (എബ്രായർ 5:1). രണ്ടാമതായി പുതിയ നിമയപ്രകാരം അഹരോന്യ പൗരോഹിത്യം മാറ്റപ്പെട്ടു കഴിഞ്ഞു. നമ്മുടെ ജ്യേഷ്ഠ സഹോദരനായ യേശുക്രിസ്തു അഹരോന്റെ ക്രമപ്രകാരമല്ല മൽക്കിസേദെക്കിന്റെ ക്രമപ്രകാരം വന്നവനാണ്. (എബ്രായർ 7:11–13). യഹൂദാ ഗോത്രത്തിൽ നിന്ന് നമ്മുടെ കർത്താവ് ജനിച്ചു. ആ ഗോത്രത്തോട് മോശ പൗരോഹിത്യം സംബന്ധിച്ച് ഒന്നും കൽപിച്ചിട്ടില്ല. (എബ്രായർ 7:14). ആകയാൽ ശുശ്രൂഷയ്ക്കുള്ള വിളിയെക്കുറിച്ചുള്ള ചോദ്യത്തിന് മറുപടിയായ് (എബ്രായർ 5:4) എടുത്തു കാണിക്കുന്നത് ഉചിതമല്ല.

മോശയെയോ അഥവാ പൗലോസിനെപ്പോലെയോ വിളിക്കണമെന്ന് നിങ്ങൾ കാത്തിരിക്കുയാണെങ്കിൽ നിരാശപ്പെടുവാനിടയാകും. ഇവരെപ്പോലുള്ളവർ യഹൂദാ രാഷ്ട്രത്തിനും, ക്രിസ്തീയ സഭയ്ക്കും അടിസ്ഥാനമിടുന്ന കാലഘട്ടത്തിൽ പ്രധാന പങ്കു വഹിക്കുവാൻ വിളിക്കപ്പെട്ടവരാണ്. സഭാചരിത്രത്തിൽ ഇന്നത്തെ നാളുകൾ "പതിനൊന്നാം മണി" നേരമാണ്. ഞങ്ങളെ ആരും കൂലിക്ക് വിളിയ്ക്കായ്കകൊണ്ടത്രേ എന്ന് പറഞ്ഞുനിൽക്കുന്നവരെക്കുറിച്ച് നിങ്ങൾ ഇവിടെ പകൽ മുഴുവൻ മിനക്കെട്ട് നിൽക്കുന്നതെന്ത്? എന്ന് കൊയ്ത്തിന്റെ യജമാനൻ ചോദിക്കുവാനിടയാകും. (മത്തായി 20:1–7). വിളി വരുമെന്ന് പ്രതീക്ഷിച്ച് ചന്തസ്ഥലത്ത് അവർ നിൽക്കരുതായിരുന്നു. മറിച്ച് മുന്തിരിത്തോട്ടത്തിലേയ്ക്ക് അവർ ചെന്ന് വേലയ്ക്ക് തങ്ങളെ ആവശ്യമുണ്ടോ? എന്ന് അന്വേഷിക്കേണ്ടതായിരുന്നു. ലോകപ്രകാരം ഭൗതീക ജോലികൾക്കായ് അന്വേഷിക്കുമ്പോൾ ക്രമം തെറ്റാതെ പല കമ്പനികൾ കയറിയിറങ്ങി എവിടെ ജോലി ലഭിക്കുന്നുവോ അത് ദൈവഹിതം എന്ന് നാം ഏറ്റെടുക്കുന്നില്ലേ. അതേ തത്വം ദൈവവേലയിലും നാം അംഗീകരിക്കേണ്ടതാണ്. ക്രിസ്തീയ വിശ്വാസികൾ പലരും ജോലി ലഭിക്കാതെ അല്ലെങ്കിൽ തങ്ങളുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും തക്കതായ ജോലി ലഭിക്കാതെ കുറഞ്ഞ ജോലികളിൽ ആയിരിക്കുന്നു. എങ്കിലും, ആവശ്യത്തിന് വേലക്കാരില്ലാത്ത ദൈവീക ശുശ്രൂഷയെക്കുറിച്ച് ഭാരപ്പെടുന്നില്ല. (മത്തായി 9:37).

**"ദൈവമേ എന്നെ വിളിക്കണമേ" എന്ന് പ്രാർത്ഥിക്കരുത്. "എന്നെ അയയ്ക്കേണമേ" എന്ന് പ്രാർത്ഥിക്കുക.** (മത്തായി 9:38) യെശയ്യാവിനെ നോക്കി. ദൈവം നിന്നെ ഞാൻ അയയ്ക്കട്ടെ

നീ എന്റെ കാര്യത്തിനായിപ്പോകുമോ? എന്ന് ചോദിച്ചില്ല. നേരെമറിച്ച് "ഞാൻ ആരെ അയയ്ക്കേണ്ടു ആർ നമുക്കു വേണ്ടിപ്പോകും എന്ന് ചോദിച്ചു. (യെശ 6:8). പൊതുവായുള്ള ആ വിളിക്ക് യെശയ്യാവ് വ്യക്തിപരമായ ഉത്തരം നൽകി മുന്നോട്ടു വന്നു. 'അടിയൻ ഇതാ. അടിയനെ അയയ്ക്കേണമേ." എന്നു പറഞ്ഞു. അതിനുശേഷം മാത്രമാണ് കർത്താവ് അവനെ നോക്കി നീ "പോ" എന്നു പറയുന്നത്. (യെശയ്യാവ് 6:9).നാം ശുശ്രൂഷയ്ക്കായി സ്വയമായി മുൻവരുമ്പോൾ അഥവാ സമർപ്പി ക്കുമ്പോഴാണ് ദൈവം നമ്മെ അയയ്ക്കുന്നത്. വിളിക്കപ്പെട്ടവർ അനേകർ. തിരഞ്ഞെടു ക്കപ്പെട്ടവരോ ചുരുക്കം. സുവിശേഷത്തിൽ രണ്ടുപ്രാവശ്യം ഈ വാചകം യേശു പറഞ്ഞിരിക്കുന്നു. (മത്തായി 20:16, 22:14) ഒന്ന് മുന്തിരിത്തോട്ടത്തിന്റെ ഉപമയായി. അടുത്തത് തന്റെ പുത്രനുവേണ്ടി കല്യാണസദ്യ ഒരുക്കിയ രാജാവിന്റെ ഉപമ (മത്തായി 20:16, 22:14) ഈ രണ്ട് ഉപമകളും ദൈവീകവിളിക്ക് ശരിയായ് ഉത്തരം നൽകേണ്ടുന്ന മനുഷ്യന്റെ ചുമതലയെ എടുത്തു കാണിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ "വിളിയെ അനുസരിക്കുന്നവർ" മാത്രമേ തിരഞ്ഞെടു ക്കപ്പെടുന്നുള്ളൂ. തങ്ങളുടെ മക്കളെ ദൈവവേലയ്ക്കായി സമർപ്പിക്കുന്ന മാതാപിതാക്കളുടെ ആഗ്രഹത്തെയും ദൈവം മാനിക്കുന്നു. തനിക്ക് ഒരു പുരുഷസന്താനത്തെ നൽകിയാൽ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും എന്ന് ഹന്ന നേർച്ച നേർന്നു.അവളുടെ അപേക്ഷ ദൈവം കേട്ടു. അവൾ തന്റെ നേർച്ച നിവർത്തിച്ചു. അതിനുശേഷം അനേക വർഷങ്ങൾ കഴിഞ്ഞാണ്. ദൈവം ശമുവേലിനെ നേരിട്ട് വിളിക്കുന്നത്. (1 ശമുവേൽ 1:11, 27, 28, 1 ശമുവേൽ 3:8,9). ഇപ്പോഴൊക്കെ വളരെ ചെറിയ പ്രായം തൊട്ടേ മാതാപിതാക്കൾ തങ്ങളുടെ മക്കളെ, ഡോക്ടർ, എൻജിനീയർ ഒക്കെ ആയിത്തീരണമെന്ന് ആഗ്രഹിച്ചു. അതിനുവേണ്ടതായ എല്ലാ ക്രമീകരണങ്ങളും ചെയ്യുമ്പോൾ എന്തുകൊണ്ട് ദൈവവേല്യ്ക്കായി തങ്ങളുടെ കുഞ്ഞുങ്ങളെ ഒരുക്കുന്നില്ല?

ഞാൻ പൂർണ്ണസമയ ശുശ്രൂഷയ്ക്കായി ഇറങ്ങുന്നതിന് പല വർഷങ്ങൾക്കു മുമ്പു തന്നേ, തന്റെ ആദ്യജാതനായ എന്നെ, ദൈവവേലയ്ക്കായി എന്റെ മാതാവ് സമർപ്പിച്ചു. ഞാൻ എൻജിനീയറായി വളരെ നന്നായി ശോഭിച്ചുകൊണ്ടിരുന്നപ്പോഴും, എന്റെ അവസരങ്ങൾ, താലന്തുകൾ, സമ്പത്ത് എല്ലാം തന്നെ മിഷണറി ഫീൽഡിൽ – വിനിയോഗിക്കണമെന്ന് വലിയ ആഗ്രഹം എന്നിൽ ഉളവാക്കിയത് ദൈവം തന്നെയാണ് എന്ന് ഞാൻ മനസ്സിലാക്കി. (ഫിലിപ്പിയർ 2:13) ഞാൻ ഒരു ശബ്ദവും കേട്ടില്ല. ദർശനം ഒന്നും കണ്ടില്ല. എനിയ്ക്ക് ലഭിച്ചത് വളരെ ചെറിയ ഒരു നടത്തിപ്പു മാത്രം. എന്റെ തീരുമാനം എന്റെ ഭാര്യയുമായി പങ്കുവെച്ചപ്പോൾ അവൾക്ക് വളരെ സന്തോഷം ഉണ്ടായി. എന്റെ അമ്മ കണ്ണീരോടെ എന്നെ ആലിംഗനം ചെയ്തു. ദൈവഹിതം നിറവേറട്ടെ എന്നു പറഞ്ഞു. എന്റെ അമ്മായിയപ്പനും അമ്മായി അമ്മയും, ഭർത്താവു പൂർണ്ണസമയ ശുശ്രൂഷയ്ക്ക് ഇറങ്ങുമ്പോൾ ഡോക്ടറായ ഭാര്യയും കൂടെ ചേരുന്നതാണ് ഉചിതം എന്നു പറഞ്ഞു. അബ്രഹാമിന്റെ വിളി സാറയ്ക്കു മതിയായതാണ്. (ഉല്പത്തി 12:5). ഞാൻ വിളിക്കാതെ നീ എന്തിനു വന്നു? എന്ന് ദൈവം ആരോടും ചോദിച്ചതായി ഞാൻ ഇതുവരെ കേട്ടിട്ടില്ല? മറിച്ച് ഞാൻ വിളിച്ചപ്പോൾ നീ എന്തുകൊണ്ട് വന്നില്ല? എന്ന് ദൈവം ചോദിക്കുന്ന ക്രിസ്ത്യാനികൾ ധാരാളം ഉണ്ട്. അനുസരിക്കാത്തവരാണ് അനുസരിക്കുന്നവരേക്കാൾ കൂടുതൽ. എല്ലാവരോടും ആലോചന ചോദിക്കുന്നതും നല്ലതല്ല. ചിലപ്പോൾ മുതിർന്നവരും. പ്രവാചകരും, നിങ്ങളെ വഴിതെറ്റിച്ചേക്കാം. (1 രാജാക്കന്മാർ 14, ഗലാത്യർ 1:16) എന്നെ തെറ്റിദ്ധരിക്കരുത്. നമ്മുടെ മക്കൾ എല്ലാവരും തങ്ങളുടെ ഉപജീവനമാർഗ്ഗങ്ങൾ വിട്ടിട്ട് പൂർണ്ണസമയ ദൈവീക ശുശ്രൂഷയ്ക്കായി ഇറങ്ങണമെന്ന് ദൈവം ആഗ്രഹിക്കുന്നു എന്ന് ഞാൻ പറയുന്നില്ല. പിന്നെ ഞാൻ പറയുന്നത്: ആവശ്യം വളരെ. സമയം കുറവ്. തെരഞ്ഞെടുപ്പ് നിങ്ങളുടേതാണ്. ആദ്യത്തെ ചുവട് മുന്നോട്ട് വെയ്ക്കുക. പുറപ്പെടുക. നിങ്ങൾ ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ കർത്താവ് പിന്നിൽ നിന്ന് തന്റെ ശബ്ദം കേൾപ്പിച്ച് നിങ്ങളെ നേർവഴിയിൽ നടത്തും. (യെശ 30:21).

## ചെന്നൈ വെള്ളത്തിൽ മുങ്ങി നശിച്ചു

ചെന്നൈയും കടലൂർ എന്ന പ്രദേശവും 2015 ഡിസംബർ മാസം വെള്ളപ്പൊക്കം കാരണം ആയിരക്കണക്കിന് ജനങ്ങൾ നശിച്ചു. കോടിക്കണക്കിന് രൂപയുടെ നാശമുണ്ടായി. വീടുകൾ നഷ്ടപ്പെട്ടു. വർഷം തോറും നവവത്സര വാഗ്ദത്ത പ്രവചനങ്ങൾ പറയുന്ന പ്രവാചകന്മാർ എവിടെപ്പോയി? ലോകം മുഴുവനുമുള്ള ദേശങ്ങളെക്കുറിച്ച് പ്രവചനം പറയുന്ന പ്രവാചകന്മാർ എവിടെപ്പോയി? പ്രാർത്ഥനയിൽ പേര് വിളിക്കുന്ന പ്രവാചകന്മാർ വെള്ളത്താലുള്ള ഈ നാശത്തെക്കുറിച്ച് എന്തുകൊണ്ട് പ്രവചിച്ചില്ല?

ജപ്പാൻ നാശത്തെക്കുറിച്ച് കാണിച്ച പ്രവചനം നൽകിയ "ഇവരുടെ ദൈവം" ചെന്നൈയിലെ നാശം മുൻകൂട്ടി അറിഞ്ഞില്ലയോ? ഇങ്ങനെയുള്ള ചോദ്യങ്ങൾ നിങ്ങൾ ചോദിച്ച് മനസ്സിലാക്കിയാൽ പ്രവചനം പറഞ്ഞ് റ്റി.വി പ്രസംഗിക്കുന്നവരും, പ്രാർത്ഥനാ ഗോപുര പ്രവാചകന്മാരെക്കുറിച്ചും ഇവരെല്ലാം കള്ളം / വ്യാജന്മാർ എന്ന് വിവേചിച്ചറിയാൻ സാധിക്കും. ഈ പ്രകൃതിക്ഷോഭത്താൽ നശിക്കപ്പെട്ടവർക്കായി പ്രാർത്ഥിക്കാം.

JANUARY 2016

# Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.